ഫാറം നമ്പർ 7
18 (1) ചട്ടം കാണുക
വിജ്ഞാപനം

നമ്പർ ബി 2- 187/2018

കേരള സർക്കാർ 04-12-2015 ലെ ജി.ഒ (പി) നമ്പർ 649/15/ആർ.ഡി) നമ്പർ വിജ്ഞാപന പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കൊയിലാണ്ടി 2013 ലെ സ്ഥലമെടുപ്പ് ആക്ട് (ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശം ആക്ട് 2013 നും വിധേയമായി ഒരു കലക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി നിയമിച്ചതിനാലും.

സർക്കാർ കോഴിക്കോട് എൽ.എ ഡെപ്യൂട്ടി കലക്ടറെ ഈ സ്ഥലമെടുപ്പ് നടപടിയുടെ ചുമതലക്കാരൻ എന്ന നിലയിൽ പുനരധിവാസത്തിനും ,പുന:സ്ഥാപനത്തിനും വേണ്ടി നിയോഗിച്ചതിനാലും.

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി അതായത് തൂണേരി ITI യുടെ കെട്ടിട നിർമ്മാണത്തിന് ആവശ്യമുള്ളതോ, ആവശ്യമുണ്ടായേക്കാമെന്നോ സർക്കാറിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും.

ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശം ആക്ട് 11-ാം വകുപ്പ് 1-ാം ഉപ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

താഴെ പറയുന്ന സ്ഥലത്തിൽ അവകാശ ബന്ധമുള്ള എല്ലാ വ്യക്തികളും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിൽ എന്തെങ്കിലും ആക്ഷേപം / സ്ഥലത്തിന്റെ ഭൂരേഖയിലുള്ള ആക്ഷേപം ഉണ്ടെങ്കിൽ അവ രേഖാമൂലം ഒരു പത്രികയായി ഈ അറിയിപ്പ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസ-ത്തിനകം സ്പെഷ്യൽ തഹസിൽദാർ എൽ.എ, കൊയിലാണ്ടി മുമ്പാകെ സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത തീയതിക്ക് ശേഷം കിട്ടുന്നതോ, ആക്ഷേപം ഉന്നയിക്കുന്ന ആൾ ടി സ്ഥലവുമായി എങ്ങനെ അവകാശപരമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമായി വിശദീകരിക്കാത്തതോ ആയ ഏതൊരു ആക്ഷേപ പത്രികയും നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

ജില്ല : കോഴിക്കോട്
താലൂക്ക്: വടകര
വില്ലേജ്: തൂണേരി
ദേശം : തൂണേരി

ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിട്ടുള്ളത്

| ക്രമനം. | സർവ്വെ നം: | വിവരണം | വിസ്തീർണ്ണം | ഏറ്റെടുക്കലിന്റെ സ്വഭാവം | പുനരധിവസിപ്പി-ക്കാനുള്ള കുടുംബങ്ങളുടെ എണ്ണം | കൈവശക്കാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | 104/2 | തോട്ടം | 40.47 ആർ | തൂണേരി ITI യുടെ കെട്ടിട നിർമ്മാണം | ഇല്ല | കിടക്കാട്ട് അന്ത്രു ഹാജി നരിപ്പറ്റ വില്ലേജ് |

സ്പെഷ്യൽ തഹസിൽദാർ
എൽ.എ.
കൊയിലാണ്ടി